"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

## സംഗ്രഹം

കൃഷി (WTO സെൽ) വകുപ്പ്-വേൾഡ് മാർക്കറ്റ് (EEC മാർക്കറ്റ്)പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട ബഹു.നെടുമങ്ങാട് സബ് കോടതിയിലെ LAR 22/98 ,LAR 25/98, LAR 27/98, LAR 44/98 കേസുകളിൽ ബഹു.കോടതിയുടെ ജപ്തി നടപടികൾ ഒഴിവാക്കി നൽകുന്നതിലേക്കായി അനുവദിച്ച ഫണ്ട്-തിരുവനന്തപുരം ജില്ലാ കളക്ടർക്ക് മാറി നൽകുന്നതിന്-കൃഷി വകുപ്പ് ഡയറക്ടർക്ക്-ഭരണാനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (WTO സെൽ) വകുപ്പ്**

സ.ഉ.(സാധാ) നം.349/2024/AGRI തീയതി,തിരുവനന്തപുരം, 10-04-2024

---

പരാമർശം:-

1. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 03.02.2024 തീയതിയിലെ K12-26944/00 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്
2. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 22.02.2024 തീയതിയിലെ ADFW/6870/2023-TM1 നമ്പർ കത്ത്
3. 04.03.2024 തീയതിയിലെ സ.ഉ(സാധാ)നം.216/2024/കൃഷി നമ്പർ സർക്കാർ ഉത്തരവ്
4. 01.04.2024ലെ സ.ഉ(സാധാ)നം.3146/2024/ധന നമ്പർ സർക്കാർ ഉത്തരവ്

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലെ നെടുമങ്ങാട് വില്ലേജിലെ ഭൂമി വേൾഡ് മാർക്കറ്റ് (EEC മാർക്കറ്റ്) പദ്ധതിയ്ക്കായി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട ബഹു.നെടുമങ്ങാട് സബ് കോടതിയിലെ LAR 22/98 ,LAR 25/98, LAR 27/98, LAR 44/98 കേസുകളിൽ തുക അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം പലിശ ഇനത്തിൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതും തുക കോടതിയിൽ നിക്ഷേപിക്കുന്ന തീയതി വരെയുള്ള 15% പലിശ നൽകേണ്ട സാഹചര്യം സംജാതമാകുന്നതുമാണെന്നും കൂടാതെ, സർക്കാരിന്റെ സ്ഥാവര ജംഗമ വസ്തുക്കൾ ജപ്തി ചെയ്യുന്നതിന് കക്ഷികൾ അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണെന്നും ആയതിനാൽ, കൃഷി വകുപ്പിനായി നെടുമങ്ങാട് താലൂക്കിലെ നെടുമങ്ങാട് വില്ലേജിലെ ഭൂമി വേൾഡ് മാർക്കറ്റ് (EEC മാർക്കറ്റ്) പദ്ധതിയ്ക്കായി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട ബഹു.നെടുമങ്ങാട് സബ് കോടതിയിലെ LAR കേസുകൾക്ക് ആകെ മൊത്തം 6,03,850/-രൂപ (ആറ് ലക്ഷത്തി മൂവായിരത്തി എണ്ണൂറ്റി അൻപത് രൂപ മാത്രം) അടിയന്തിരമായി അനുവദിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കണമെന്ന് പരാമർശം 1 പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു.

ബഹു.നെടുമങ്ങാട് സബ് കോടതിയിലെ LAR 22/98 ,LAR 25/98, LAR 27/98, LAR 44/98 കേസുകളിൽ ബഹു.കോടതിയുടെ ജപ്തി നടപടികൾ ഒഴിവാക്കി നൽകുന്നതിലേക്കായി, തിരുവനന്തപുരം ജില്ലാ കളക്ടർ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള 6,03,850/-രൂപ (ആറ്

ലക്ഷത്തി മൂവായിരത്തി എണ്ണൂറ്റി അൻപത് രൂപ മാത്രം) 29.02.2024 വരെയുള്ള കാലയളവിലെ പലിശ മാത്രം ഉൾപ്പെടുത്തിയാണെന്നും എന്നാൽ, 31.03.2024 വരെയുള്ള പലിശ ഉൾപ്പടെയുള്ള 6,05,233/-രൂപ (ആറ് ലക്ഷത്തി അയ്യായിരത്തി ഇരുനൂറ്റി മുപ്പത്തി മൂന്ന് രൂപ മാത്രം) ലഭിക്കുന്നതിനുള്ള കണക്കുവിവര പട്ടികകൾ കളക്ടറേറ്റിൽ നിന്നും ലഭിച്ചതനുസരിച്ച് ടി തുക ലഭിക്കുന്നതിലേക്കായി തിരുവനന്തപുരം ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ കത്ത് സമർപ്പിച്ചിട്ടുണ്ടെന്നും ആയതിനാൽ, LAR 22/98 ,LAR 25/98, LAR 27/98, LAR 44/98 കേസുകളിൽ ബഹു.നെടുമങ്ങാട് സബ് കോടതിയുടെ ജപ്തി നടപടികൾ ഒഴിവാക്കി നൽകുന്നതിലേക്കായി 31.03.2024 വരെയുള്ള കാലയളവിലെ പലിശ ഉൾപ്പടെ തിരുവനന്തപുരം ജില്ലാ കളക്ടർക്കു അനുവദിക്കേണ്ട തുകയായ 6,05,233/- രൂപ (ആറ് ലക്ഷത്തി അയ്യായിരത്തി ഇരുനൂറ്റി മുപ്പത്തി മൂന്ന് രൂപ മാത്രം) അനുവദിക്കുന്നതിനായി ഭരണാനുമതി ലഭ്യമാക്കുന്നതിലേക്കായുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം 2 പ്രകാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി. ആയതിലേക്കായുള്ള കണക്കുവിവര പട്ടിക ചുവടെച്ചേർത്തിരിക്കും പ്രകാരമാണ്

| ക്രമ നമ്പർ | കേസ് നമ്പർ | ആവശ്യമുള്ള തുക (31.03.2024 വരെയുള്ള പലിശ കണക്കാക്കിയുള്ള തുക) |
|---|---|---|
| 1 | LAR 22/98 | 2,79,631/-രൂപ(രണ്ട് ലക്ഷത്തി എഴുപത്തിയൊൻപതിനായിരത്തി അറുനൂറ്റി മുപ്പത്തിയൊന്ന് രൂപ മാത്രം) |
| 2 | LAR 25/98 | 52,665/-രൂപ (അൻപത്തി രണ്ടായിരത്തി അറുനൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം) |
| 3 | LAR 27/98 | 2,42,852/-രൂപ(രണ്ട് ലക്ഷത്തി നാൽപ്പത്തിരണ്ടായിരത്തി എണ്ണൂറ്റി അൻപത്തിരണ്ട് രൂപ മാത്രം) |
| 4 | LAR 44/98 | 30,085/-രൂപ (മുപ്പതിനായിരത്തി എൺപത്തിയഞ്ച് രൂപ മാത്രം) |
| ആകെ | | 6,05,233/-രൂപ (ആറ് ലക്ഷത്തി അയ്യായിരത്തി ഇരുനൂറ്റി മുപ്പത്തി മൂന്ന് രൂപ മാത്രം) |

ആയതിനാൽ, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലെ നെടുമങ്ങാട് വില്ലേജിലെ ഭൂമി വേൾഡ് മാർക്കറ്റ് (EEC മാർക്കറ്റ്) പദ്ധതിയ്ക്കായി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട ബഹു.നെടുമങ്ങാട് സബ് കോടതിയിലെ LAR 22/98 ,LAR 25/98, LAR 27/98, LAR 44/98 കേസുകളിൽ ബഹു.നെടുമങ്ങാട് സബ് കോടതിയുടെ ജപ്തി നടപടികൾ ഒഴിവാക്കി നൽകുന്നതിലേക്കായി 31.03.2024 വരെയുള്ള പലിശ കണക്കാക്കിയുള്ള 6,05,233/- രൂപ (ആറ് ലക്ഷത്തി അയ്യായിരത്തി ഇരുനൂറ്റി മുപ്പത്തി മൂന്ന് രൂപ മാത്രം) 4435-01-101-93 (PC) Strengthening of Market Infrastructure എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിന് ഭരണാനുമതി നൽകി പരാമർശം 3 പ്രകാരം ഉത്തരവായിരുന്നു.

ബഹു.നെടുമങ്ങാട് സബ് കോടതിയിലെ LAR 22/98 ,LAR 25/98, LAR 27/98, LAR 44/98 കേസുകളിൽ ബഹു.നെടുമങ്ങാട് സബ് കോടതിയുടെ ജപ്തി നടപടികൾ ഒഴിവാക്കി നൽകുന്നതിലേക്കായി 31.03.2024 വരെയുള്ള പലിശ കണക്കാക്കിയുള്ള 6,05,233/- രൂപ (ആറ് ലക്ഷത്തി അയ്യായിരത്തി ഇരുനൂറ്റി മുപ്പത്തി മൂന്ന് രൂപ മാത്രം) 4435-01-101-93 (PC) Strengthening of Market Infrastructure എന്ന ശീർഷകത്തിൽ നിന്നും കൃഷി വകുപ്പ് ഡയറക്ടർ avail ചെയ്യുവാനും ആയത് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് മാറി നൽകുവാനും അനുമതി

നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
VALSALA S D
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ,കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം
ജില്ലാ കളക്ടർ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള , തിരുവനന്തപുരം.
ധനകാര്യ (കൃഷി-ബി) വകുപ്പ് (02.04.2024 തീയതിയിലെ UO നം.1293727/ Agri-B1/298/2019-FIN പ്രകാരം)
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ /ഓഫീസ് പകർപ്പ് (efile നം.AGRI-WTO1/70/2017-AGRI)

ഉത്തരവിൻ പ്രകാരം

Signed by
Megha R
Date: 11-04-2024 12:18:48
സെക്ഷൻ ഓഫീസർ

പകർപ്പ്:-കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി & എ.പി.സി-യുടെ പി.എ-യ്ക്ക്
കൃഷി (WTO സെൽ) വകുപ്പ് സ്പെഷ്യൽ ഓഫീസറുടെ സി.എ-യ്ക്ക്